**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 253** **15-02-2024 - ൽ മറുപടിയ്ക്ക്**

**അർഹമായ സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യതൊഴിലാളികൾ, ആദിവാസികൾ, കർഷകതൊഴിലാളികൾ തുടങ്ങി ദുർബല ജനവിഭാഗങ്ങൾ താമസിക്കുന്ന മേഖലകളിൽ അംഗീകാരം ഇല്ലാതെ ദീർഘ നാളുകളായി പ്രവർത്തിക്കുന്ന അർഹതയുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്നതും , അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 22.05.2019-ലെ സ.ഉ.(എം.എസ്)നം. 45/2019/പൊ.വി.വ പ്രകാരവും, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നോ ഒബ്ഷക്ഷൻ സർട്ടിഫിക്കറ്റും (NOC), അംഗീകാരവും നൽകുന്നതിനായി 01.03.2019-ലെ സ.ഉ.(എം.എസ്) നം. 22/2019/പൊ.വി.വ പ്രകാരവും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 22.11.2022-ലെ സ.ഉ(സാധാ) നം.7121/2022/പൊ.വി.വ പ്രകാരം അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധിയും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷസമർപ്പിക്കാവുന്നതും എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെട്ടുന്നുണ്ടെങ്കിൽ അംഗീകാരം നൽകുന്നതുമാണ്. |
| (ബി) | സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അപേക്ഷകൾ എല്ലാ വർഷവും സ്വീകരിക്കുമെന്ന സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എല്ലാ വർഷവും നിശ്ചിത തീയതിയിൽ അപേക്ഷകൾ സ്വീകരിച്ച് ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | കേന്ദ്ര വിദ്യാഭ്യാസ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അടിയന്തരമായി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ദേശീയ വിദ്യാഭ്യാസ അവകാശനിയമം 2009-ന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്നതും, അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 22.05.2019-ലെ സ.ഉ.(എം.എസ്)നം. 45/2019/ പൊ.വി.വ പ്രകാരവും, സി.ബി.എസ്.ഇ/ |

| | | | |
|---|---|---|---|
| | | | ഐ.സി.എസ്.ഇ സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും (NOC), അംഗീകാരവും നൽകുന്നതിനായി 01.03.2019-ലെ സ.ഉ.(എം.എസ്) നം. 22/2019/ പൊ.വി.വ പ്രകാരവും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതും എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടെങ്കിൽ അംഗീകാരം നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ